(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും ആയതിലേക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആലത്തൂർ അസംബ്ലി മണ്ഡലപരിധിയിൽ മരാമത്ത് വകുപ്പ് ചെലവഴിച്ചതുക

211 (661) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ അസംബ്ലി നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് പുതിയ കെട്ടിട നിർമ്മാണത്തിനും പഴയ കെട്ടിടങ്ങളുടെ നവീകരണത്തിനുമായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ ഇനം തിരിച്ച കണക്ക് ലഭ്യമാക്കുമോ ;

(ബി) പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ എന്നിവ തിരിച്ചുള്ള വിശദമായ കണക്ക് നൽകാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ അസംബ്ലി നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് പുതിയ കെട്ടിട നിർമ്മാണത്തിനും പഴയകെട്ടിടങ്ങളുടെ നവീകരണത്തിനുമായി മൊത്തം 198.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

റോഡുകൾക്കായി ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ

212 (662) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിന് സംസ്ഥാന, ജില്ലാതലങ്ങളിൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ എന്നാണ് രൂപീകരിച്ചത് ;

(ബി) ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി നാളിതുവരെ എത്ര തവണ യോഗം ചേർന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിലെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി നാളിതുവരെ എത്രതവണ യോഗം ചേർന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-12-2010-ലാണ് രൂപീകരിച്ചത്.

(ബി) സംസ്ഥാനതലത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനും പൊതുമരാമത്തുവകുപ്പ് സെക്രട്ടറി കൺവീനറും ധനകാര്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി ജലവിഭവ വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി, റവന്യൂവകുപ്പ് സെക്രട്ടറി, റോഡ് വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായും ജില്ലാതലത്തിൽ ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ജില്ലയിലെ എം.എൽ.എ.-മാർ, റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അംഗങ്ങളായും ആണ് ക്രൈസിസ് മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും മേൽനോട്ടവും നൽകുന്നതിനാണ് പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുള്ളത്.

(സി) ഒരു തവണ യോഗം ചേർന്നിരുന്നു.

(ഡി) രണ്ടുതവണ യോഗം ചേർന്നിട്ടുണ്ട്.

ശബരിമല പ്രത്യേക റോഡ് വികസന പദ്ധതി

213 (663) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പ്രത്യേക റോഡ് വികസനപദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കുന്നത് ;

(ബി) തിരുവല്ലയിൽനിന്നും കുമ്പഴയിലേക്കുള്ള സംസ്ഥാന ഹൈവേ നമ്പർ 7 (റ്റി. കെ. റോഡ്) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) രണ്ട് റോഡുകൾ :

1. കണമല-ഇലവുങ്കൽ റോഡ്
2. മണ്ണാറക്കുളഞ്ഞി-പമ്പ റോഡ്

LIBRARY ARCHIVES Kerala Legislative Assembly